നമ്പർ 71/2020

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ ഇന്ത്യാ മഹാരാജ്യത്തെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈസ്ഥാനികളും ആത്മീക സംഘടനാ പ്രവർത്തകരും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
കോവിഡ് 19 വൈറസ് മൂലം ലോകമെങ്ങും രോഗബാധിതരുടെ എണ്ണം അനുനിമിഷം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യ മുഴുവനും മാർച്ച് മാസം 25-ാം തീയതി മുതൽ 21 ദിവസത്തേയ്ക്ക് അടച്ചിടുകയാണ്. രോഗവ്യാപനം തടയുന്നതിന് ഈ കടുത്ത നടപടി അത്യാവശ്യമാണ്. എങ്കിലും ഇക്കാലയളവിൽ അനേകർക്ക് വരുമാനവും ജീവിത മാർഗങ്ങളും നഷ്ടമായേക്കാം. പ. സഭയെയും സമൂഹത്തെയുംപ്രതി നമുക്കോരോരുത്തർക്കുമുള്ള വലിയ കടമ ഈ സമയത്ത് നാം ഓർക്കണം. മറ്റുള്ളവരെ നമുക്കാകുംവിധം സഹായിക്കുവാൻ നാം അത്യദ്ധ്വാനം ചെയ്യണം. ഓരോ ഇടവകയും തങ്ങളുടെ സമ്പത്തിന്റെ ഒരു വിഹിതം ക്ലേശമനുഭവിക്കുന്നവരെ സഹായിക്കുവാൻ മാറ്റി വയ്ക്കണം. കോവിഡ് രോഗത്തിന്റെ സമൂഹവ്യാപനം തടയുന്നതിന് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ച് സമൂഹമാധ്യമങ്ങളും ഓൺലൈൻ സംവിധാനങ്ങളും മറ്റും പ്രയോജനപ്പെടുത്തിക്കൊണ്ട് ദുരിതമനുഭവിക്കുന്നവർക്ക് ഇടവകകളുടെ ചുമതലയിൽ സഹായം ലഭ്യമാക്കുവാൻ നടപടികൾ കൈക്കൊള്ളണം. മെത്രാസന തലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഇടവകകൾ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സംവിധാനമുണ്ടാക്കുന്നത് ഏറ്റവും അഭികാമ്യമാണ്.

കർത്താവിൽ പ്രിയരെ, ലോകത്തെ ഗ്രസിച്ചിരിക്കുന്ന കോവിഡ് 19 എന്ന മഹാവിപത്ത് നീങ്ങിപ്പോകുന്നതിന് ഏവരും നുറുങ്ങിയ ഹൃദയത്തോടുകൂടെ പ്രാർത്ഥിക്കണം. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരുടെ പരിശ്രമങ്ങൾക്ക് പരമാവധി പിന്തുണ നൽകണം. അധികാരികളുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും അനുസരിക്കണം. നമുക്ക് ദൈവാശ്രയത്തോടെ ഈ പ്രതിസന്ധി തരണം ചെയ്യാം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസ്യോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 മാർച്ച് മാസം 25-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.